അവതാരിക

അമ്മത്രേസ്യ – കേരളത്തിലെ അറിവനുഭവങ്ങൾ

ഡോ. സ്കറിയാ സക്കറിയ

അമ്മത്രേസ്യയെക്കുറിച്ച് ധാരാളം പുസ്തകങ്ങൾ മലയാളത്തിലുണ്ട്. അമ്മത്രേസ്യയുടെ മിക്ക പുസ്തകങ്ങളും തർജമയായി മലയാളത്തിൽ ലഭ്യമാണ്. പൗലീനോസ് പാതിരി തുടങ്ങിയ കർമ്മലീത്തസന്ന്യാസിമാരോടാണ് ഇക്കാര്യത്തിൽ മലയാളികൾ കടപ്പെട്ടിരിക്കുന്നത്. ഇപ്പോൾ അമ്മത്രേസ്യയുടെ അഞ്ഞൂറാം പിറന്നാളിന്റെ അനുഭവസമൃദ്ധിയിൽ ഒരു കർമ്മലീത്ത സന്ന്യാസിനി സ്നേഹാദരപൂർവം അമ്മത്രേസ്യയെക്കുറിച്ചുള്ള മലയാളക്കരയിലെ അറിവുകൾ രേഖപ്പെടുത്തുന്നു. ഈ പുസ്തകത്തിന്റെ സവിശേഷത അതിലെ അറിവിന്റെ തനിമയാണ്. യൂറോപ്യൻ ഭാഷകളിൽനിന്ന് വിവർത്തനം ചെയ്തെടുത്തതല്ല കേരളത്തിൽനിന്നു സംഭരിച്ചതാണ് ഇതിലെ അറിവുകൾ. സാങ്കേതികഭാഷയിൽ പറഞ്ഞാൽ, കേരളത്തിലെ നാട്ടറിവാണ് അമ്മത്രേസ്യയെക്കുറിച്ചുള്ള ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത്. നവോത്ഥാനകാലത്ത് മതനവീകരണത്തിന്റെയും പ്രതിമതനവീകരണത്തിന്റെയും ചൂടുകാറ്റേറ്റ് സ്പെയിനിൽ ജീവിച്ച ആവിലായിലെ അമ്മത്രേസ്യയുടെ കഥയ്ക്ക് ഒരു പാശ്ചാത്യ പശ്ചാത്തലമുണ്ട്. അതു തീർത്തും വിട്ടുകളയാതെ കേരളീയ അറിവനുഭവമായി ഈ പുണ്യചരിതം വിരചിതമായിരിക്കുന്നു. ഇത്

ചെറിയ കാര്യമല്ല. വിശാലമായ രാജപാതകൾ വിട്ട് നാട്ടുവഴികളിലൂടെയും ഊടുവഴികളിലൂടെയും സഞ്ചരിക്കുന്ന അനുഭവം ഈ കൃതി വായനക്കാരനു നൽകും. കഴിഞ്ഞ മൂന്നു നാലു നൂറ്റാണ്ടുകൾക്കിടയിൽ മലയാളക്കരയിൽ അമ്മത്രേസ്യയെക്കുറിച്ചുള്ള അറിവിലുണ്ടായ ജൈവ വികാസം അടയാളപ്പെടുത്തുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ സവിശേഷത. അമ്മത്രേസ്യയെക്കുറിച്ചുള്ള കേരളീയ ആഖ്യാനങ്ങൾ ദേശം, കാലം, വംശം, വർഗം, ലിംഗം എന്നിവയനുസരിച്ച് പരിണമിച്ചുകൊണ്ടിരിക്കുന്നു. നാട്ടറിവിൽ ഇത്തരം നിർണയനങ്ങൾ (determinations) സ്വാഭാവികമാണ്. നാട്ടറിവുശൃംഖല ക്രമേണ പുരാണാവലിയായി വികസിക്കുന്നു. ഈ പുസ്തകത്തിൽ കാണുന്നതനുസരിച്ചാണെങ്കിൽ ത്രേസ്യാപുരാണം മലയാളക്കരയിൽ വേരൂന്നിക്കഴിഞ്ഞു. കഴിഞ്ഞകാലത്തെക്കുറിച്ചുള്ള അന്വേഷണം പുരാണവഴിയിലേക്ക് തിരിയുന്നതു സ്വാഭാവികം. ശൃംഖലിതമായ പുരാണാഖ്യാനം ഭാവിയുടെ ചരിത്രമായി വികസിക്കുന്ന ഉജ്വല മുഹൂർത്തങ്ങളും ത്രേസ്യാ അറിവിൽ കണ്ടെത്താം. ചരിത്രം പുരാണമാകുന്നു എന്നു കേൾക്കുമ്പോൾ പാരമ്പര്യവാദികൾക്കും പണ്ഡിതർക്കും അസ്വസ്ഥതയുണ്ടാകാം. ബൈബിളിലെ ഉൽപത്തിപ്പുസ്തകവും കാവ്യഗ്രന്ഥങ്ങളും നാലു സുവിശേഷങ്ങളും പുരാണസമ്പ്രദായത്തിൽ വാമൊഴിയിലൂടെ വികസിച്ചവയാണ് എന്ന അഭിപ്രായം ഇവിടെ ഓർക്കണം. ഓർമ്മ പലതരത്തിലാകാം; സംഭവ ഓർമ്മ (episodic memory), അർത്ഥഓർമ്മ (semantic memory), വ്യാഖ്യാന ഓർമ്മ (interpretive memory). ഭാവനയിലൂടെ സർഗ്ഗാത്മകമായി വികസിക്കുന്നതാണ് മൂന്നാമത്തെ ഇനമായ വ്യാഖ്യാനഓർമ്മ. തദ്ദേശീയമായ വിജ്ഞാനപരിസരത്തിലാണ് വ്യാഖ്യാനം. നാടോടി വ്യാഖ്യാനം നാടോടി സാഹിത്യമായും നാട്ടറിവായും നാട്ടാചാരങ്ങളായും വികസിക്കുന്നു. ആ വികസനപ്രക്രിയയിൽ വ്യാഖ്യാതാക്കളുടെ സ്വത്വപ്രകാശനം സംഭവിക്കുന്നു. അതായത്, സ്വത്വവും ഭാവനയും പരിഗണിച്ചു വേണം ഓരോ നാടോടി ആഖ്യാനത്തിന്റെയും സംവേദനമൂല്യം നിർണ്ണയിക്കാൻ. കേരളത്തിലെ മതജീവിതത്തെക്കുറിച്ച് നിരവധി നാടോടി ഇതിഹാസങ്ങളുണ്ട്. പുണ്യാത്മാക്കളെയും ദേവീദേവന്മാരെയും പുണ്യസ്ഥലങ്ങളെയും പുണ്യകാലങ്ങളെയും കൂട്ടിയിണക്കിക്കൊണ്ടുള്ള ജനകീയ പുരാണങ്ങൾ മതമണ്ഡലത്തിൽ സുലഭമാണ്. സാഹിത്യത്തെക്കുറിച്ചുള്ള പരമ്പരാഗത പ്രതിഫലനവാദം അനുസരിച്ചാണെങ്കിൽ ഇത്തരം ആഖ്യാനമെല്ലാം ചരിത്രാഭാസങ്ങളാണ്. ഇന്നു ധാരണകൾ മാറിയിരിക്കുന്നു. ചരിത്രത്തിന്റെ ഒരു ഖണ്ഡമായിത്തന്നെ പുരാണാഖ്യാനങ്ങളെ പരിഗണിക്കുന്നു. അതിന്റെ സംവേദനതന്ത്രങ്ങൾ സവിശേഷമാണ്. മതങ്ങളുടെ വ്യതിരിക്തതയും തനിമയും നഷ്ടപ്പെടുത്താതെതന്നെ മതാനുഭവത്തെ ഏകോപിപ്പിച്ച് സമൂഹചരിത്രത്തിലേക്കു കടക്കുന്ന ചരിത്ര

പദ്ധതികൾ ഇന്നു വികസിച്ചിട്ടുണ്ട്. കേരളത്തിലെ ജൂത-ക്രൈസ്തവ-ഇസ്ലാമിക നാടോടിസാഹിത്യങ്ങൾ ഈ നിലയ്ക്ക് സുപ്രധാനമായിത്തീരുന്നു. കേരളത്തിന്റെ ചരിത്രത്തിലേക്കും മലയാളത്തിന്റെ സാംസ്കാരികമൂല്യങ്ങളിലേക്കും നാടോടിത്തനിമയിലേക്കും വെളിച്ചം പരത്തുന്നവയാണ് നാടോടി ആഖ്യാനങ്ങൾ. ഈ വഴിക്കു സഞ്ചരിച്ച് കേരളത്തിലെ ബുദ്ധമതപാരമ്പര്യങ്ങൾ രേഖപ്പെടുത്തിയ അജു നാരായണന്റെ രചനകൾ ഇവിടെ ഓർമ്മിക്കണം. ഏറെ പ്രസക്തിയും സാദ്ധ്യതയുമുള്ള ഈ വഴിയിലാണ് സിസ്റ്റർ ജീജി ജോണാമ്മ സേവ്യറിന്റെ സഞ്ചാരം. ധാരാളം കാര്യങ്ങൾ ഈ വിഷയത്തെക്കുറിച്ച് മറ്റുള്ളവർക്ക് ഇനിയും പറയാനുണ്ടാകും. നിരന്തരം കൂട്ടിച്ചേർത്തും വ്യാഖ്യാനിച്ചും വളർത്തേണ്ടതാണ് ആൾക്കൂട്ടത്തിൽനിന്ന് അറിവു നേടുന്ന നാടോടി മതവിജ്ഞാനം.

പുണ്യചരിതങ്ങൾ (hagiography) സാഹിത്യത്തിൽ ഒരു സവിശേഷ ഇനമാണ്. പുണ്യാത്മാക്കൾക്ക് ഒരത്ഭുത പരിവേഷം ഉണ്ട്. ആ പ്രഭാവലയത്തിൽ പല ജീവചരിത്രകാരന്മാരുടെയും കണ്ണ് മഞ്ഞിപ്പോകുന്നു. പിന്നെ കൃതി ഒരു സ്തോത്രരൂപത്തിലാകും. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ പ്രതിപാദനത്തിൽ രീതിശാസ്ത്രപരമായ അച്ചടക്കവും സമീപനത്തിൽ വിമർശനാത്മകതയും വിവരവിനിയോഗത്തിൽ തത്ത്വനിഷ്ഠയും പാലിക്കണം. പൂർണമായ തോതിലല്ലെങ്കിലും ഇത്തരം ഗുണവിശേഷങ്ങൾ പ്രകടമാകുന്നതാണ് സിസ്റ്ററിന്റെ രചന.

ചരിത്രവഴിയല്ല, ഫോക്‌ലോർ മാർഗ്ഗമാണ് ഈ ഗ്രന്ഥത്തിൽ കാണുന്നത്. ഫോക്‌ലോറിൽ അറിവിനും കൂട്ടായ്മയ്ക്കും തുല്യപ്രാധാന്യമാണ്. അതായത്, അമ്മത്രേസ്യയെക്കുറിച്ചുള്ള ഫോക്‌ലോറുകൾ കഥാനായികയെയും ഫോക്‌ലോർ കൂട്ടായ്മയെയും പരസ്പരം പ്രകാശിപ്പിക്കുന്നു. നാട്ടറിവ് വെറും ഉപാദാനമല്ല, അറിവിന്റെ രൂപത്തിലും ഉള്ളടക്കത്തിലും ഉള്ള പങ്കാളിത്തമാണ്. ഇത്തരം അന്വേഷണങ്ങൾ പുണ്യചരിതങ്ങളുടെ കാര്യത്തിൽ മലയാളത്തിൽ ഏറെ പരീക്ഷിച്ചു കണ്ടിട്ടില്ല. ജീവചരിത്രത്തെ വിഷയ-വിഷയീബന്ധത്തിൽ കാണുന്നത് പല തരത്തിലും പ്രയോജനകരമാണ്. ഇവിടെ ശുഷ്കമായ അറിവിന്റെ സ്ഥാനത്ത് അറിവനുഭവങ്ങൾ അണിനിരക്കുന്നു. യുക്തിക്കും വൈകാരികതയ്ക്കും വസ്തുതയ്ക്കും ഭാവനയ്ക്കും ഇവിടെ സ്ഥാനമുണ്ട്.

അറിവ്, അധികാരം, സൗന്ദര്യം അഥവാ ഭാവന എന്നിവയുടെ ഏകോപനത്തിലാണ് നല്ല ഭാഷാശില്പങ്ങൾ രൂപപ്പെടുന്നത്. ഭാഷയുടെ ഭേദങ്ങൾ പരിഗണിച്ചാൽ വാമൊഴിയും വരമൊഴിയും പ്രസ്ഥാനഭാഷയും അടരുകളായി കണ്ടെത്താം. വ്യത്യസ്തങ്ങളായ അടരുകളുടെയും ബലതന്ത്രങ്ങളുടെയും സാംസ്കാരിക ഭൂമിശാസ്ത്രത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കൃതിയുടെ ആഖ്യാനം തെളിഞ്ഞുവരുന്നത്. ഇത്രയും

കാര്യങ്ങൾ എടുത്തുപറഞ്ഞത് ഈ രചനയുടെ സവിശേഷ ആശയതല ത്തിലേക്കും ആഖ്യാനഘടനയിലേക്കും പ്രവേശിക്കാൻ വായനക്കാരെ സഹായിക്കാനാണ്.

സിസ്റ്റർ ജീജി ജോണാമ്മ സേവ്യറിന്റെ ഗ്രന്ഥത്തിന്റെ മർമ്മം വാമൊഴി വഴക്കങ്ങളും നാട്ടാചാരങ്ങളുമാണ്. നാടോടി വഴക്കങ്ങൾ എന്നു വേണ മെങ്കിൽ പറയാം. സാധാരണക്കാരുടെ വഴക്കങ്ങളാണ് നാട്ടുവഴക്കങ്ങൾ. മയ്യഴി, വല്ലം, ഉച്ചക്കട, പശുക്കടവ് എന്നിവിടങ്ങളിലെ വാമൊഴികൾ ഗ്രന്ഥത്തിൽ വായിക്കാം. വാമൊഴിയാണെന്ന കാര്യം മറക്കാതെ വായി ക്കണം. വാമൊഴിയിൽ അർത്ഥസംവേദനം സാധ്യമാക്കുന്നത് വാക്കു കൾ മാത്രമല്ല, ശരീരഭാഷകൂടിയാണ്. ശരീരഭാഷയിലെ വിവരണം പുസ്തകത്തിലില്ല. അതുകൂടി ചേർക്കാമായിരുന്നു. എങ്കിലും പ്രകരണ ബലംകൊണ്ട് അമ്മത്രേസ്യയെക്കുറിച്ചുള്ള അറിവുശൃംഖല കണ്ണിപൊ ട്ടാതെ മുന്നോട്ടു പോകുന്നു.

അറിവുശൃംഖലയിൽ പ്രകാശിതമാകുന്നത് അറിവു ശകലങ്ങൾ മാത്രമ ല്ല, ആവേദകന്റെ ആത്മഭാവം കൂടിയാണ്. ഇത്തരം ആത്മപ്രകാശനത്തെ മുൻനിർത്തി നാട്ടറിവിൽ സ്വത്വരൂപീകരണം നടക്കുന്ന കാര്യം നേരത്തെ സൂചിപ്പിച്ചുവല്ലോ. ഈ കൃതിയിൽ ചേർത്തിരിക്കുന്ന ഓരോ ആഖ്യാന ത്തിനും സ്വത്വചിഹ്നങ്ങൾ ഉണ്ട്. ദേശം, വംശം, വർഗം, ലിംഗം എന്നിവയ നുസരിച്ച് ഉണ്ടാകുന്ന ഭേദങ്ങൾ മഴവിൽശോഭയോടെ ഈ കൃതിയിൽ തെളിഞ്ഞുവരുന്നു. ത്രേസ്യാ അറിവിന്റെ മഴവിൽഭംഗി ആസ്വദിക്കാൻ ഈ കൃതി അവസരമൊരുക്കും.

അമ്മത്രേസ്യയെക്കുറിച്ചുള്ള നാട്ടറിവിൽ പൊതുവേ കാണുന്ന സവിശേ ഷത എടുത്തുപറയേണ്ടതാണ്. നാടോടി ആഖ്യാനങ്ങളിൽ അമ്മത്രേസ്യ ആവേദകസമൂഹത്തിനു പ്രിയപ്പെട്ട അമ്മയായി മാറുന്നു. ഔപചാരികത കളില്ലാതെ ശരീരത്തോടു ചേർന്നുനിൽക്കുന്ന അമ്മ. ഇത്തരം അമ്മയനു ഭവം പണ്ഡിതരചനകളിൽ സുലഭമാണ്. മിസ്റ്റിക് അനുഭവംകൊണ്ട് യൂറോപ്യൻ മനസ്സിൽ ദ്രുതപ്രതികരണങ്ങൾ സൃഷ്ടിച്ച ആവിലായിലെ ത്രേസ്യ അമ്മയായും പെങ്ങളായും കൂട്ടുകാരിയായും നാട്ടറിവുകളിൽ തെളിഞ്ഞുവരുന്നു. ഇത്തരം സഹഭാവം ഇരുപത്തൊന്നാം നൂറ്റാണ്ടിലെ മാനവികതയോടുകൂടിയ സംവേദനശൃംഖലയിൽ ഊർജ്ജ പ്രസാരണ മായി കൂടുതൽ ശോഭിക്കുന്നു. അങ്ങ് വിദൂരത്തിൽ സ്പെയിനിൽ ജീവിച്ച വേദപാരംഗതയായ അമ്മത്രേസ്യ നമ്മുടെ കൺവെട്ടത്ത് അയൽപക്കക്കാരിയായി വാസമുറപ്പിക്കുന്നു. നാട്ടറിവുകളിലൂടെ നാടോടിഭാഷയുടെ തിടുക്കത്തിലുള്ള പോക്കുവരവുകൾകൊണ്ട്

ആഖ്യാനം ചടുലവും നാടകീയവുമായിത്തീർന്നിരിക്കുന്നു. അമ്മയുടെ വാക്കുകൾകൊണ്ടുമാത്രം കൊരുത്തുണ്ടാക്കിയതല്ല ഈ ജീവിതരചന. വാക്കും പ്രവൃത്തിയും അനുഷ്ഠാനങ്ങളും കലർന്നൊഴുകുന്നതാണ് ജീവചരിത്രാഖ്യാനം.

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇങ്ങനെയൊരു ജീവചരിത്രരചന പ്രസക്തമാണ്. കാരണം ഇവിടെ അറിവിന്റെ ഉറവിടം സമൂഹ ശ്രേണിയിൽ ഉയരങ്ങളിലുള്ളവരല്ല. അടിത്തട്ടിലുള്ള സാധാരണക്കാരാണ് അറിവിന്റെ ഉത്പാദകർ. അവരുടെ അറിവുകൾ വിനയപൂർവം ശേഖരിച്ച് ശ്രദ്ധാപൂർവം വിശകലനം ചെയ്ത് സംക്രമിപ്പിക്കുകയെന്നതാണ് ഗ്രന്ഥകാരി ഏറ്റെടുത്ത ദൗത്യം. ആവിലായിലെ ത്രേസ്യയ്ക്ക് എന്നും കേരളീയ മനസ്സിൽ നാടോടിച്ചന്തമുണ്ട്. അതുകൊണ്ടാണ് തനിമലയാളശൈലിയിൽ ആ വിശുദ്ധയെ അമ്മത്രേസ്യ എന്നും വലിയ ത്രേസ്യ എന്നും നമ്മൾ കേരളീയർ വിളിക്കുന്നത്. മാഹിയിലമ്മയെയും ഓർമ്മിക്കണം. പേരുകൊണ്ട് നാട്ടുവഴികളിലെത്തിയിരുന്ന അമ്മത്രേസ്യയെ കുറേക്കൂടി ജനകീയമായ മേഖലകളിൽ അടയാളപ്പെടുത്താൻ സിസ്റ്ററിന് കഴിഞ്ഞിരിക്കുന്നു. സമകാലിക ഗവേഷണപഠനത്തിൽ ആൾക്കൂട്ട അറിവുതേടൽ (crowd sourcing) എന്നു വിളിക്കുന്ന സങ്കേതമാണ് ഇവിടെ ജീവചരിത്രരചനയ്ക്ക് ഉപയോഗിച്ചിരിക്കുന്നത്.

വിഷയവും വിഷയിയും ചേർന്ന് അറിവുമണ്ഡലം രൂപപ്പെടുമെന്ന വിശ്വാസത്തിലാണ് ഈ പഠനത്തിന്റെ അടിത്തറ. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഇത് ജനകീയവും ജനാധിപത്യപരവും ഉദാരവുമായ ജീവചരിത്രരചനയാണ്. നാനാവഴിക്ക് തുറക്കുന്ന ആഖ്യാനങ്ങളാണ് ഇതിലുള്ളത്. അറിവിന്റെ സാധ്യതകളിലേക്ക് വായനക്കാരെ നയിക്കാൻ കൃതിയുടെ ലളിതമായ ശൈലി ഉപകരിക്കും. ശാഠ്യങ്ങളില്ലാത്ത രചനയെന്ന് വിശേഷിപ്പിക്കാം. പുതുമയുള്ള ജീവചരിത്രരചന. പുണ്യചരിതത്തെ അനുഭവചരിത്രമാക്കുന്ന ശൈലി. സമകാലിക ദർശനങ്ങളും പൈതൃക പഠനപദ്ധതികളും തുറന്നുതരുന്ന വഴികളിലൂടെ മലയാളത്തിന്റെ നാട്ടറിവുകളിൽ സഞ്ചരിച്ച് അമ്മത്രേസ്യയുടെ ജീവചരിത്രം നിർമ്മിക്കുന്നു. 500-ാം ജന്മദിനത്തിൽ അമ്മത്രേസ്യയ്ക്കുവേണ്ടി ഇങ്ങനെയൊരു ഉപഹാരമൊരുക്കിയ സിസ്റ്റർ ജീജി ജോണാമ്മ സേവ്യറിന് അഭിനന്ദനങ്ങൾ.